ശ്രീഗുരവേ നമഃ

# ശ്രീധരബോധമനനം

## ജിജ്ഞാസുക്കൾക്ക്

നരൻ തെററിദ്ധരിച്ചിട്ട്
മരിച്ചീടുന്നു സർവദാ
തെററിദ്ധാരണ പോയെന്നാൽ
അമൃതം താനനുഭവം.

ബുദ്ധിയിൽ രത നല്ലെങ്കിൽ
പാഴിൽ പോം കാലവൈഭവാൽ
നേടുനേടുമഹാഭാഗ
സ്വരാജ്യം സ്വഭാവം താൻ.

ആർ. ശ്രീധരൻനായർ.

ഓം

ഇതിൽപ്രതിപാദിക്കുന്നതു് ഞാൻ എങ്ങനെയാണു്. സാക്ഷാത്കാരത്തിനുവേണ്ടി മനനം ചെയ്തിരുന്നതു്, എന്നതിന്റെ ഒരു മാതൃകയാണു്. ഇതിൽ ശാസ്ത്രവും യുക്തിബുദ്ധ്യനുഭവങ്ങളും തമ്മിൽ പൊരുത്തക്കേടില്ല സാധനചെയ്യുന്നവർ ഇതോഇതോടനുരൂപമായ ചിന്തകൾകൊണ്ടോ മനനം ചെയ്യുന്നുവെങ്കിൽ നന്നു്.

ആത്മാന്വേഷികൾ ഭാഗ്യാന്വേഷികളാകരുതു്: ഭാഗ്യം വരുകയോ പോകുകയോ ചെയ്തുകൊള്ളട്ടെ! അതിൽ സ്ഥിതനാവാതിരിക്കുക. ശോകനാശം പ്രകൃതിയാണു്. അതിഹർഷം സ്വഭാവമാണു്. നിർമ്മലാകാശത്തേക്കാൾ നിർമ്മലമായ, ശബ്ദം പോലുമില്ലാത്താത്മാവിൽ സ്ഥിരപ്രതിഷ്ഠനാണുനാം പിന്നെന്തിനഴുക്കുപുരട്ടുന്നു.

ഓം തത് സത്.

ആർ. ശ്രീധരൻനായർ.

# ശ്രീധര ബോധ മനനം.

ഓം പൂർണ്ണമദഃ പൂർണ്ണമിദം പൂർണ്ണാത്പൂർണ്ണമുദച്യതേ,
പൂർണ്ണസ്യപൂർണ്ണമാദായ പൂർണ്ണമേവാവശിഷ്യതേ,
ഓം ശാന്തിഃ ശാന്തിഃ ശാന്തിഃ

അതു് അതു് എന്നറിയപ്പെടുന്നതെല്ലാം പൂർണ്ണമാണു്—അതു പൂർണ്ണമാണു് — ഇതു് ഇതു് എന്നറിയപ്പെടുന്നതെല്ലാം പൂർണ്ണമാണു്—ഇതുപൂർണ്ണമാണു്. പൂർണ്ണത്തിൽനിന്നും പൂർണ്ണംതന്നെ ഉണ്ടാകുന്നു. പൂർണ്ണത്തിൽനിന്നുംപൂർണ്ണത്തെ എടുത്താലും പൂർണ്ണം തന്നെ അവശേഷിക്കുന്നു.

എത്രവ്യക്തമായവചനം!
എത്രസുന്ദരമായആശയം!

ബ്രഹ്മം പൂർണ്ണമാണു്—ബ്രഹ്മത്തിൽനിന്നും ജനിച്ചജീവൻ ജനിച്ചിട്ടുണ്ടെങ്കിൽ അതും പൂർണ്ണംതന്നെ.

ബ്രഹ്മത്തിൽനിന്നും ബ്രഹ്മമല്ലാതെ മറ്റൊന്നുമുണ്ടാകയില്ല തന്നെ. പിന്നെങ്ങനെ ബ്രഹ്മത്തിനു് ഭ്രഷ്ടുഭവിച്ചുമട്ടിൽ അതും ഇതും തപ്പണം.

ഓം. ഈശാവാസ്യമിദം സർവ്വം യത്കിഞ്ച
ജഗത്യാം ജഗത്
തേനത്യക്തേനഭുഞ്ജീഥാ
മാഗൃധഃ കസ്യസ്വിദ്ധനം

ഇതു് ഇതു് എന്നറിയപ്പെടുന്ന മൂന്നു് ലോകത്തിലുമുള്ള സർവ്വവും ഈശ്വരനാൽ നിവസിയ്ക്കപ്പെട്ടിരിക്കുന്നതാണു്. അഥവാ നിറയപ്പെട്ടിരിക്കുന്നതാണു്- ആയതിനാൽ നീ അതിനെ ത്യജിച്ചിട്ടു് സ്വസ്ഥതയാർജ്ജിച്ചു് തൃപ്തനായാലും. അന്യന്റെ മുതൽ നമുക്കെന്തിനു്.

കര തലാമലകംപോലെ വ്യക്താർത്ഥദായിനിയായ ഈ ശ്ലോകവുംകൊണ്ടു് രംഗപ്രവേശം ചെയ്യുന്ന ഉപനിഷത്ദേവതയെ കാട്ടുകയററിയിട്ടു് അവ്യക്തതയിൽ കുടിച്ചുചാകുന്ന ഏതു പ്രസ്ഥാനത്തിന്റെപുറകെയാണു്മനുഷ്യൻ പരക്കംപായേണ്ടതു്.

ഈശ്വരൻ നിവസിക്കകൊണ്ടു് കേവലം ഈശ്വരവിലാസ മായ പ്രപഞ്ചം ഈശ്വരനതന്നെ കൊടുത്തിട്ടു് ആത്മാരാമനായി ആനന്ദസ്വരൂപനായി, ബോധാമൃതപാനാസക്തനായി നില കൊള്ളുകയല്ലാതെന്തിലാണു് എന്തിനാണു് കുതുകിയാവുക ഹരിഃ ഓം–ഓം മിത്യേദക്ഷരമിദം സർവ്വം തസ്യോപവ്യാഖ്യാനം ഭൂതം ഭവത് ഭവിഷ്യദിതി സർവ്വമോങ്കാരഏവ—യച്ചാന്യാത് ത്രികാലാതീതം തദപ്യോങ്കാരമേവ. സർവ്വം ഹ്യേതത്ബ്രഹ്മ· അയമാത്മാ ബ്രഹ്മസോയമാത്മാചതുഷ്പാത്.

സുപ്രസിദ്ധ മാണ്ഡൂക്യോപനിഷത്തിന്റെ ഒന്നും രണ്ടും ശ്ലോകങ്ങളാണു്. ഇതുമൊന്നുപരിശോധിക്കാം. ഹരിഃ ഓം–ഓം എന്ന അനശ്വരവസ്തുതന്നെ ഇക്കാണുന്ന സർവ്വവും, അതിന്റെ വ്യാഖ്യാനം:— കഴിഞ്ഞതും, ഇപ്പോഴുള്ളതും, വരാൻ പോകുന്നതുമായ സർവ്വവും ഓംകാരംതന്നെയാണു്. ഇതിൽനിന്നും അന്യമായി ത്രികാലാതീതമായി വല്ലതുമുണ്ടെങ്കിൽ അതും ഓംകാരംതന്നെയാകുന്നു.

അപ്രകാരമുള്ള എല്ലാം ബ്രഹ്മംതന്നെ. ഈ ആത്മാബ്രഹ്മം തന്നെ അപ്രകാരമുള്ള ഈ ആത്മാ നാലു പാദങ്ങളോടുകൂടിയതാകുന്നു. ഇങ്ങനെയൊക്കെ ഉപനിഷത്തുകൾ ഉച്ചത്തിൽ ഘോഷിക്കുമ്പോൾ ആത്മാന്വേഷണമല്ലാതെ മറെറന്താണു് മനുഷ്യൻ ചെയ്യേണ്ടതു്.

കോഹംകഥമിദംചേതി
സംസാരമലമാതതം
പ്രവിചാര്യംപ്രയത്നേന
പ്രാജ്ഞേനസഹസാധുന
നാകർമ്മസ്വനിമുക്തവ്യം
നാനാർത്ഥേണസഹാവസേത്
ദ്രഷ്ടവ്യസർവ്വസംഹർത്താ
നമൃത്യുരവഹേലയാ

ശരീരമസ്ഥിമാംസഞ്ച
ത്യക്ത്വാരക്താദ്യശോഭനം
ഭൂതമുക്താവലീതന്തു
ചിന്മാത്രമവലോകയേത്
ക്വചിദ്ഗഗനാഭോഗ
ഭൂഷണേവ്യോമ്നിഭാസ്കരേ
ധരാവിവരകോശസ്ഥേ
ക്വചിത്കീടകോടരേ.

മേല്പറഞ്ഞ വരികളെ ശ്രീമാൻ ശാമുമേനവൻ വിവൎത്തനം ചെയ്തിട്ടുള്ളതിനെക്കൂടി താഴെ ചേർക്കാം.

ആരാണഞാനിപ്പരപ്പുള്ളതായ
സംസാരമാകുംമലമുണ്ടായതെങ്ങിനെ
എന്നിങ്ങനെമഹാബുദ്ധിമാനായവൻ
നന്നായ്പ്രയത്നേനചിന്തിച്ചുകൊള്ളണം
കർമ്മങ്ങളിൽചെന്നുമുങ്ങാതിരിക്കണം
ദുർമ്മാൎഗ്ഗികളോടുചേരാതിരിക്കണം
സൎവ്വസംഹർത്താവതായിട്ടുംമൃത്യുതാൻ
സാർവ്വജ്ഞമെന്നുമേദ്രഷ്ടവ്യനല്ലഹോ
എല്ലാംപിശിതവുംരക്തവുംചേർന്നതാ-
യുള്ളദേഹംമഹാനിന്ദ്യംത്യജിക്കണം
ഭൂതമുക്താവലീതന്തുവായുള്ളചി-
ന്മാത്രമെല്ലായ്പ്പൊഴുംകണ്ടുകൊണ്ടീടണം
സാധോനിദാന്തംപ്രകാശിച്ചുകൊള്ളുന്നോ-
രാദിത്യദേവനിലുള്ളോരുചിത്തുതാൻ
ദൂരന്ധ്രകോശസ്ഥമാകുംപുഴുവിലും
ചേരുന്നതെന്നുധരിച്ചുകൊണ്ടീടുക.

ഇവിടേയും ആത്മാന്വേഷണകഥനം വ്യക്തമായും നിർവ്വഹിക്കുന്നതുകാണാം. ഇനിയും മറെറാരു തരത്തിൽ ആത്മചിന്തനം ചെയ്തിരിക്കുന്നതിനെ നമുക്കല്ലാം മനസിലാക്കാം.

നദേവഃപുണ്ഡരീകാക്ഷോ
നചദേവസ്ത്രിലോചനഃ
നദേവോദേഹരൂപോഹി
നദേവശ്ചിത്തരൂപകഃ
അകൃത്രിമമനാദ്യന്തം
ദേവനംദേവഉച്യതേ
ആകാരാദിപരിച്ഛിന്നേ
മിതേവസ്തുനിതത്കൃതഃ
അകൃത്രിമമനാദ്യന്തം
ദേവനംചിച്ഛിവംവിദുഃ
ദേവഃകഃസ്യാദിതിത്വേതത്
പ്രഥമംതാവദുച്യതേ
തദേവദേവശബ്ദേന
കഥ്യതേതത്പ്രപൂജയേത്.

ഇങ്ങനെയാണ് ശ്രീ വസിഷ്ഠൻ ശ്രീ രാമചന്ദ്രനുപദേശിക്കുന്നത്. ഇതുതന്നെയാണ് ശ്രീ മഹേശ്വരൻ ശ്രീ വസിഷ്ഠനുപദേശിച്ചതും ഇങ്ങനെ ദേവനെ മനസ്സിലാക്കിത്തന്നിട്ട് പൂജയെ വിവരിക്കുന്നത് ശ്രദ്ധിക്കാം.

ദൃശ്യാസംസ്പൃഷ്ടംപാരാവാരവർജ്ജിതംചിദാ
കാശമെന്നുള്ളതുതാൻസർവ്വത്രവർത്തിക്കുന്നു.
കല്പാന്തങ്ങളിൽപോലുമായതുശേഷിക്കുന്നു
ണ്ടൂറംപൂവിലോർത്തുകണ്ടീടായതുതന്നെദൈവം.
സൗമ്യംനൽബോധംശമമെന്നുള്ളപുഷ്പങ്ങളാൽ
ചിന്മാത്രം ശുദ്ധംശിവംപൂജിച്ചുകൊണ്ടീടണം.
സമതാശമംബോധമെന്നുള്ളപുഷ്പങ്ങളാൽ
സ്വമതേആത്മാവിനെപൂജിക്കുന്നതുതന്നെ
ചൊല്ലാർന്നീടുന്നദേവപൂജയെന്നറിയേണം.
കില്ലില്ലാകാരപൂജപൂജയാവുകയില്ല.

ഇനിയും അടുത്ത പടിയിലേക്ക് പ്രവേശിക്കാം.

'നശോകോസ്തി, നമോഹോസ്തി
നജന്മാസ്തി, നജന്മവാൻ
യദസ്തീഹതദേവാസ്തി
വിജ്വരോഭവരാഘവാ'.
'ശോകമെന്നുള്ളതില്ല
മോഹമെന്നുള്ളതില്ല
രാഘവാജന്മമില്ല
ജന്മവാനില്ലപാർത്താൽ
യാതൊന്നാണുള്ളതെന്നും
ആയതേയുള്ളന്യനം'.

ഇതിനെ നമുക്കൊന്നു പരിശോധിക്കാം.

സർവ്വദുഃഖസമ്പൂർണ്ണമായ ഈ പ്രപഞ്ചത്തിൽ ദുഃഖമില്ലാത്തതാണെന്നു പറഞ്ഞാൽ എങ്ങനെയാണ് വിശ്വസിക്കുക. പറയാം.

ഒരു കൊച്ചൻ പകലുറങ്ങാൻ തുടങ്ങുമ്പോൾ അതിൻെറ മൂത്ത സഹോദരൻ ഒരീർക്കിലുമായി കടന്ന് അതിൻെറ കാലിൻെറ വെള്ളയിൽ ഒരു ചെറിയ അടികൊടുക്കുന്നു. അവന് നൊന്തില്ല, പക്ഷെ അവനറിഞ്ഞു. വീണ്ടും ഉറങ്ങിയ കുട്ടിയുടെ ഉള്ളംകാലിൽ ഒരു ചെറുവരവരച്ചു. കുട്ടിക്കിളിയായി അതു് ഹഠാൽകാലു് വലിച്ചെടുത്തു. ഇപ്പോൾ അവനറിഞ്ഞു അവന് ചിരിവന്നു അവൻ ചിരി പ്രകടിപ്പിക്കുന്നു. വീണ്ടും ജ്യേഷ്ഠൻ പോയപ്പോൾ ഉറങ്ങുന്നു ഇത്തവണ സ്വല്പം നോവട്ടെയെന്നുകരുതി അടിക്കുന്നു. ചാടിയെഴുന്നേല്ക്കുന്നു നൊമ്പലംഭാവിച്ചുപുലമ്പുന്നു. ഇതിലും വലുതായടിച്ചാൽ നൊമ്പലം വലുതായി ദുഃഖമായി ഇങ്ങനെപോകുന്നു അതിൻെറ വിവിധ ഭാവങ്ങൾ. ഒന്നാലോചിക്കുക ഇവിടെവിടെയാണു് അറിവു് ദുഃഖമായതു് അറിവില്ലാഞ്ഞപ്പോഴോ, അറിവധീകരിച്ചപ്പോഴോ അറി

വസ്സുഹ്യമായപ്പോഴോ—അതുപോലെ അറിവിനെ മാററി നോക്കുക ആ നൊമ്പലം അഥവാ ദുഃഖംനിലനിൽക്കുമോ എന്നു് — അറിവല്ലാതൊരു നൊമ്പലമില്ല അറിവല്ലാതൊരു ദുഃഖമില്ല അങ്ങനെ എല്ലാ ദുഃഖവും അറിവുമാത്രമാണു് അറിവുമയമാണു്. ഇങ്ങനെ അറിവിൽനിന്നും അന്യമായി വല്ലതുമുണ്ടെങ്കിൽ അതു് സാങ്കല്പികംമാത്രമാണെന്നറിയുക. ഇതുപോലെ മോഹാദികളും അറിവിൻേറയും സങ്കല്പത്തിൻേറയും വിവിധാദ്ധ്യായങ്ങളാണെന്നു് അവയേയും വിശകലനം ചെയ്യുമ്പോൾ ബോദ്ധ്യപ്പെടും.

അതവിടെ നിൽക്കട്ടെ, ഇനിയും ജന്മത്തേപ്പററി അന്വേഷിക്കാം.

ജന്മത്തിനു് കാരണം കർമ്മമാണെന്നും ഈശ്വരനാണെന്നും പറയുന്നുണ്ടു്. കർമ്മമെന്നുപറയുന്നപക്ഷം, ജന്മത്തിനുമുമ്പു് കർമ്മമുണ്ടാകയില്ല, അതിനാൽ കർമ്മം ജന്മകാരണമല്ല. പിന്നെ ഈശ്വരനോ എന്നുവച്ചാൽ സർവ്വം തകരാറിലാകും പുളവൻ വാലുവിഴുങ്ങിയതുപോലെയാകും. ഒരിക്കൽ ഒരു പുളവൻ വിശന്നു വശംകെട്ടു കുഴയുമ്പോൾ അതിൻെറ വാലുകണ്ടു. അതു കുറേച്ചു വിഴുങ്ങുവാൻ ഭാവിച്ചു. ഇതാകും ഈശ്വരൻെറ അവസ്ഥ. ഏതു വികാരം ഈശ്വരനിൽ ഉണ്ടായിട്ടാണു് സൃഷ്ടിതുടങ്ങിയതു്, അതു് ഈശ്വരദൂഷണമോ, ഭൂഷണമോ എന്നു് തീർച്ചചെയ്യേണ്ടിവരും. ഈശ്വരനിൽനിന്നും അന്യമായ എന്തിനെ എടുത്താണു് സൃഷ്ടിച്ചതു് ഇങ്ങനെ അവധിയില്ലാത്ത ഒരു മാർച്ചുതന്നെ നടക്കും. അതെല്ലാം പോകട്ടെ ഒരുത്തനെ സൃഷ്ടിക്കുവാൻ അന്യനായആൾക്കെങ്കിലും അവകാശമുണ്ടോ. ആരാണവകാശം കൊടുത്തതു്. ഈശ്വരൻതന്നെയാണു് ഞാനുമെങ്കിൽ അംശവാദക്കാരനോടു് ഞാനൊന്നു പറഞ്ഞുകൊള്ളട്ടെ. ഈശ്വരൻെറ ആഗ്രഹത്തിനു് ഈശ്വരൻ പുളവൻ കളിച്ചുപോയതാണോ. ഇങ്ങനെയുള്ള യുക്തികളിൽ

കിടന്ന മറിയാതെയിരിക്കു. ഒരുത്തനെ രക്ഷിക്കാനും ശിക്ഷിക്കാനും മററാർക്കും അവകാശമില്ലതന്നെ. അതിനാൽ സൃഷ്ടിക്കുകാരണം ഈശ്വരനല്ല. പിന്ന ആർക്കു്. സൃഷ്ടിയുണ്ടെങ്കിൽ ആയതു് താൻതന്നെയാണു് ചെയ്യുന്നതു് അല്ലാതന്യനല്ല. അതല്ലെങ്കിൽ സൃഷ്ടിയുണ്ടായിട്ടില്ല. സൃഷ്ടി ഉണ്ടായിട്ടില്ലെന്നു സമ്മതിച്ചാൽ കാര്യം നേരെ ആയി. ആയതിനാൽ ആദ്യം അതുതന്നെ സമ്മതിക്കാം.

പ്രപഞ്ചോല്പത്തിക്കുമുമ്പു് സ്ഥിമിതഗംഭീരമായ് അനാഖ്യയായ് ഇരുട്ടല്ല തിമുമ്പു് തേജസ്സല്ലാരാലുമേയിന്നതെന്നോതുവാൻ വയ്യാത്തതായ് രൂപമില്ലായതിന്നു്, നാമവുമില്ല പിന്നെ എന്താണെങ്ങനെയാണെന്നോതുവാൻ ആരുമേയില്ലാത്തതായ് ചിന്മാത്രം ശുദ്ധംശിവം ബ്രഹ്മമെന്നോതാംനമുക്കു്. ആയതല്ലാതെ മറെറാന്നുമുണ്ടായിരുന്നില്ലെന്നീശ്വരൻമുമ്പായ് നിന്നുചൊന്നതു് വിശ്വസിക്കയല്ലാതെ മററു മാർഗ്ഗമെന്തു്. ആയതുകൊണ്ടു് ശാസ്ത്രം സമ്മതമായ് നമുക്കു്. ആയതിനന്യവഴിയില്ലെന്നും വന്നുകൂടി. അങ്ങനെ ബ്രഹ്മംമാത്രം നിലകൊള്ളുകയാണു്. ആദിയിൽ ബ്രഹ്മം മാത്രമേ ഉണ്ടായിരുന്നുള്ളു. രണ്ടാമതായിട്ടൊരു കാരണമില്ലായ്കയാൽ ഉണ്ടായിട്ടില്ല ജഗത്തു്' ഇങ്ങനെയാണു് അനുത്പന്നം ഇദംജഗത്' എന്ന അജാതവാദം തുടങ്ങുന്നതു്.

എങ്കിലും ഏതെങ്കിലും ബുദ്ധിയിൽ പ്രപഞ്ചമവശേഷിക്കുന്നുവെങ്കിൽ—

'വിവേകബുദ്ധിയുക്ത്യാഹം
ജാനാമ്യാത്മാനമദ്വയം
തഥാപിബന്ധമോക്ഷാദി
വ്യവഹാരപ്രതീയതെ
നിവൃത്തോപിപ്രപഞ്ചോമേ
സത്യവൽഭാതിസർവ്വദാ

സർപ്പാദൗരജ്ജുസത്തൈവ
ബ്രഹ്മസത്തൈവകേവലം
പ്രപഞ്ചാധാരരൂപേണ
വർത്തതേതോജഗന്നഹി॥

വിവേകബുദ്ധിയുക്തികളെക്കൊണ്ടു് 'ആത്മാവു്' അദ്വയനാണെന്നറിയുന്നുവെങ്കിലും ബന്ധമോക്ഷാദിവ്യവഹാരം കാണപ്പെടുന്നു. ഇപ്രകാരം കാണപ്പെടുന്ന പ്രപഞ്ചം എന്നിക്കു നിവൃത്തമായിയെന്നുവരികിലും എപ്പോഴും അതു് സത്യംപോലെ വിളങ്ങിക്കൊണ്ടിരിക്കുന്നു. രജ്ജുസത്തയിൽ സർപ്പമെങ്ങനെയോ അതുപോലെയാണു് ബ്രഹ്മസത്തയിൽ പ്രപഞ്ചവും. അങ്ങനെ ബ്രഹ്മം പ്രപഞ്ചാധാരരൂപമായി നിലകൊള്ളുന്നുവെന്നല്ലാതെ ജഗത്തുള്ളതല്ല. ഇപ്രകാരമുള്ള മനനത്താൽ ഭ്രാന്തു മാററി സ്വസ്ഥനായി ഭാവിക്കുക.

കാലത്രയേയഥാസർപ്പോ
രജ്ജൌനാസ്തിതഥാമയി
അഹംകാരാദിദേഹാന്തം
ജഗന്നാസ്ത്യഹമദ്വയഃ

എപ്രകാരമാണോ സർപ്പം മൂന്നുകാലത്തും രജ്ജുവിലില്ലാതിരിക്കുന്നതു് അതേപ്രകാരംതന്നെയാണു് അദ്വയനായ എന്നിൽ മൂന്നു കാലത്തും ജഗത്തില്ലാതിരിക്കുന്നതു്.

വിവേകബുദ്ധിയുക്തികളെക്കൊണ്ടു് പ്രപഞ്ചമില്ലാത്തതാണെന്നുറപ്പിക്കുവാൻ സുസമ്മതമായ ഒരു മാർഗ്ഗംകൂടി ഇവിടെ പറയാം.

ലോകത്തു് കാണപ്പെടുന്ന എല്ലാംതന്നെ ഒന്നുകിൽ ജഡം അല്ലെങ്കിൽ ജീവൻ ഇങ്ങനെ രണ്ടു വിഭാഗത്തിൽ പെടും. ദ്വൈതം ദ്വൈതം എന്നുപറയുന്ന തീയവസ്ഥയാണു്. ഇതെങ്ങനെ അദ്വൈതമായിതീരുമെന്നും നമുക്കു് മനനംചെയ്യാം. ജീവൻ നിലകൊള്ളുന്നതെപ്പോഴും ജഡ

ത്തിലാണ്. മനുഷ്യനെതന്നെ എടുക്കാം. അവന്റെ ജീവൻ ശരീരമാകുന്ന ജഡത്തിലാണ് നിലകൊള്ളുന്നത്. ജീവൻ വേർപെടുമ്പോൾ ശരീരം കേവലം പിണ്ഡമായ ജഡമായി മാറുന്നു. അങ്ങനെ ഒരു ജീവനും അതിനെ പൊതിഞ്ഞൊരു ജഡവും നിലകൊള്ളുന്നു. ജീവനിൽ ജഡമില്ല. എന്നാൽ ജഡത്തെ വീണ്ടും പരിശോധിച്ചാൽ അതും ജീവൻതന്നെയെന്നു മനസ്സിലാകും. എല്ലാ ജഡവും പലമാതിരി അണുസംഘാതങ്ങളാണ്. ഈ അണു സംഘാതങ്ങളാൽ നിറവുററ ശരീരം അല്ലെങ്കിൽ പദാർത്ഥം എന്തെന്നറിയുവാൻ അണുക്കളെ നമുക്കൊന്നുപരിശോധിക്കാം. അവിടെയും നമുക്ക് അതും ഒരു ജീവനും അതിനെ പൊതിഞ്ഞ് ഒരു ജഡകവറുമാണെന്ന് കാണാം. ഇപ്പോൾ മുമ്പ് ജഡമെന്നു കണ്ടതും ജീവനായിമാറി വീണ്ടും അണുവിന്റെ ശരീരം അഥവാ സെല്ലുകൾ പരിശോധിച്ചാൽ അതും ജീവനും അതിനെ പൊതിഞ്ഞ് കവറുംകാണാം. ഇങ്ങനെ ചെന്നുചെന്ന് ഒടുവിൽ സർക്കസുകാരൻ ആദ്യം വലിയ വളയത്തിൽക്കൂടി ചാടി പിന്നീട് ചെറുതായ ചെറുതായ വളയത്തിൽക്കൂടി ചാടി ഒടുവിൽ വളയമില്ലാതെ ചാടിയതുപോലെ ജീവനും ചെറുതുചെറുതായ ശരീരങ്ങളിലും കവിഞ്ഞു ശരീരമില്ലാത്തവസ്ഥയിലെത്തും. ഇങ്ങനെയാണ് ജീവൻ അദ്വൈതത്തെ പ്രാപിക്കുന്ന ഒരു വിധം. ഇവിടെ ജീവനേയും ജീവനേയും വേർതിരിക്കുന്ന ഒരു കവറുമില്ല! അഖണ്ഡസച്ചിദാനന്ദം വിളയാടുന്നു.

ഈ അവസ്ഥയിൽ നിങ്ങൾതന്നെചിന്തിച്ചുനോക്കുക പ്രപഞ്ചമില്ലെന്നതു് സ്പഷ്ടം. ഇങ്ങനെ ശരീരമററ ജീവനെ ആത്മാവെന്നും പരമാത്മാവെന്നും അദ്വൈതം പ്രാപിച്ച ആത്മാവിനെ ബ്രഹ്മമെന്നും പറയും.

# സംസാരാസാഗരസമുദ്ധരണൈകതന്ത്രം.

ഇത്രയൊക്കെ പ്രയാസപ്പെട്ടു ചിന്തിച്ചൊതുക്കിയാലും മനുഷ്യനാണെന്നുതോന്നിയ തോന്നൽ മാറുവാൻ, കാശിക്കു പോകുന്നവൻ, കാശിയിൽ പോയവന്റെ നിർദ്ദേശം സ്വീകരിക്കുന്നതുപോലെയും, ഒരു മനുഷ്യ കുഞ്ഞിന്റെ സൃഷ്ടിക്കു് മനുഷ്യബീജം ആവശ്യമാകുന്നതുപോലെയും, പാലു് തൈരാകുന്നതിനുമുമ്പു് പുളിച്ച തൈരെടുത്തു് ചേർക്കേണ്ടതാവശ്യമായി വരുന്നതുപോലെയും, മനുഷ്യനായിപിറന്നു പോയിയെന്നു തോന്നിയവനെ രക്ഷിക്കാൻ—ആത്മാ പരിണമിച്ചിട്ടില്ല—ജന്മമുണ്ടായിട്ടില്ല— എന്നനുഭവത്തിലറിഞ്ഞവന്റെ വചസാകുന്നബീജം ആവശ്യമായി തീരുന്നു. ഇതിനാലാണു് ഗുരുപദേശം ഒരവശ്യഘടകമായി തീന്നതു്. മനുഷ്യസഹജമായ ശ്രേഷ്ഠതകം—മോക്ഷത്തിൽ ആഗ്രഹം മഹാപുരുഷസംഗമം ഇവ ശാസ്ത്രസമ്മതവും മഹത്സമ്മതവുമായ മോക്ഷസാധനങ്ങളാണു്.

അതോവിചാരകർത്തവ്യേ,
ജിജ്ഞാസോരാത്മവസ്തുനഃ
സമാസാദ്യദയാസിന്ധും
ഗുരുംബ്രഹ്മവിദുത്തമം.

അതുകൊണ്ടു് ആത്മവസ്തുവിനെ ശരിയായിട്ടറിയണമെന്നാഗ്രഹിക്കുന്നവൻ പരമ കാരുണികനും ബ്രഹ്മജ്ഞോത്തമനുമായ ഗുരുവിനെ സമീപിച്ചു് പഠിച്ചു് മനനം ചെയ്യണം.

ആദൌനിത്യാനിത്യവസ്തുവിവേകഃപരിഗണ്യതേ
ഇഹാമുത്രഫലഭോഗവിരാഗസ്തദനന്തരം
ശമാദിഷട്കസമ്പത്തിർമുമുക്ഷുത്വമിതിസ്ഫുടം.

ഒന്നാമതായി നിത്യാനിത്യവസ്തുവിവേകം. ഇഹലോകത്തിലും പരലോകത്തിലുമുള്ള ഭോഗത്തിൽ വിരക്തി— ശമം, ദമം, ഉപരതി, തിതിക്ഷ, ശ്രദ്ധ, സമാധാനം ഇവയും മോക്ഷേച്ഛയും ബ്രഹ്മജിജ്ഞാസുവിനുണ്ടായിരിക്കണം.

അപ്രകാരമുള്ള ജിജ്ഞാസുബ്രഹ്മജ്ഞനായ ഗുരുവിനെ സമിത്തുകളോടുകൂടി സമീപിച്ച് തന്റെ പ്രയാസങ്ങളെ പറയണം. അദ്ദേഹത്തിൽനിന്നും കിട്ടുന്ന വചനങ്ങൾ ശരിയാകുംവണ്ണം മനനം ചെയ്യണം. ശാസ്ത്രങ്ങളുമായി തട്ടിച്ചു നോക്കുക. ശാസ്ത്രത്തിൽ പറയുന്നതും ഇതുമായി വിരോധം പാടില്ല. ഇങ്ങനെയുള്ള അനുസന്ധാനംകൊണ്ടു് അനുഭവങ്ങൾ ഉണ്ടാകുന്നതാണ്. വിക്ഷേപമെന്നും ആവരണമെന്നും രണ്ടു ശത്രുക്കൾ ഇതിനുണ്ടു്. അതായതു് ശരിയായതിനെ കാട്ടുന്നതിനുപകരം അല്ലാത്തതിനെ സൃഷ്ടിച്ചുകാണിക്കുക, ശരിയായുള്ളതിനെ മറയ്ക്കുക. കാനൽജലം, ഇല്ലാത്ത ജലത്തെ കാണിക്കുക അതേസമയത്തു് ഉള്ളതായ കാനലിനെ മറയ്ക്കുക. ചിൽസൂര്യഘോരാതപത്തെ കാണുന്നതിനുപകരം പ്രപഞ്ചമാകുന്ന മൃഗതൃഷ്ണ കാണുകയാണ്. ഇതു് മുമ്പറഞ്ഞ ദോഷങ്ങൾകൊണ്ടാണ്. ഇതിനെ മാററുന്നതിനു് ബോധവൈരാഗ്യങ്ങളെ ആശ്രയിക്കാം.

ഉണ്ടായിട്ടില്ലജന്മമെന്നു് മുമ്പു് നമ്മളറിഞ്ഞു. ആദിയിൽബ്രഹ്മംമാത്രമേ ഉണ്ടായിരുന്നുള്ളു. അതു് ഞാൻതന്നെയെന്നു് ശാസ്ത്രം പറയുന്നു, ഗുരു നിർദ്ദേശിക്കുന്നു. വിവേകബുദ്ധിയുക്തികളെക്കൊണ്ടു് സ്വാനുഭവവും വരുന്നു.

'അയമാത്മാബ്രഹ്മ' ശാസ്ത്രം,
'തത്ത്വംഅസി'—ഗുരൂപദേശം.

'അഹം ബ്രഹ്മാസ്മി' എന്നനുഭവകഥനം. ഇങ്ങനെ നിരന്തരം മനസ്സിലാക്കി ദൃഢനിശ്ചയത്തോടുകൂടി നിലകൊള്ളുകയാണ് വേണ്ടതു്. ഇപ്രകാരം നിശ്ചലജ്ഞാനമാസനംഎന്ന നിലയെ പ്രാപിച്ചാൽ ആയാൾ ഒന്നുംതന്നെ

ആഗ്രഹിക്കുകയില്ല. എന്തുകൊണ്ടെന്നാൽ സർവ്വത്ര പരിപൂർണ്ണനായബ്രഹ്മത്തിന് എന്തിനെയാണാഗ്രഹിക്കേണ്ടത്.

കചഃകഥാചിദ്ഗതഥായസമാധേപ്രീതമാനസഃ
ഏകാന്തേസമുവാചേദമേകോഗദ്ഗദയാഗിരോ
കിംകരോമികഗച്ഛാമി
കിംഗൃണ്ഹാമിത്യജാമികിം
ആത്മനാപൂരിതംവിശ്വം
മഹാകല്പാംബുനായഥാ
സബാഹ്യാഭ്യന്തരേദേഹേവ്യഥാ
ഉദ്ധ്വംചദിക്ഷുച
ഇതയാത്മാതതശ്ചാത്മാ
നാസത്യനാത്മമയംകചചിത്
നതദസ്തിനയത്രാഹം
നതദസ്തി നയന്മയീ
കിമന്യദഭിവാഞ്ചാമി
സർവ്വംസംവിന്മയംസ്ഥിതം!

മുദുലമനോഹരമായ ഭാഷയിൽ ശ്രീ ശാമുമേനവൻെറ വിവർത്തനത്തേക്കൂടി ഞാനോർത്തുപോകുകയാണ്.

മുന്നമൊരിക്കൽകചൻതാൻസമാധിയിൽ
നിന്നെഴന്നേററെ ററമാനന്ദമാർന്നഹോ
ധന്യൻതനിയേവിജനസ്ഥലത്തിങ്കൽ
നിന്നുസഗൽഗദമിങ്ങനെചൊല്ലിനാൻ
എന്താണുചെയ്യേണ്ടതെങ്ങുപോകേണ്ടുഞാ-
നെന്തെടുക്കേണ്ടുഞാനെന്തിനെതള്ളേണ്ടു?
ഹന്തമഹാകല്പകാലജലംപോലെ
ഞാന്തന്നെഎങ്ങുംനിറഞ്ഞിരിക്കുന്നു
മേനിക്കകത്തുംപുറത്തുംചുവട്ടിലും
നൂനംമുകളിലുംപത്തുദിക്കിങ്കലും
ഞാനുണ്ടെവിടെയുംപാർത്തുകണ്ടീടുകിൽ

ഞാനില്ലയാതെകണ്ടില്ലോരെടത്തിലും
ഏതൊന്നിലില്ലാതിരിക്കുന്നഞാനഹോ
വാദമിലല്പവുമായതില്ലെങ്ങുമേ
എന്നിലില്ലാത്തതോർത്തീടിലേതൊന്നാണു്
സന്ദേഹമില്ലായതില്ലാത്തതാകുന്നു.
ജ്ഞാനസ്വരൂപം സമസ്തമെന്നാകയാൽ
ഞാനാഗ്രഹിക്കേണ്ടതെന്തിനേയാകുന്നു!

ഇങ്ങനെ ബ്രഹ്മത്തിൽ സ്ഥിതപ്രജ്ഞനായവനു് ഒന്നും തന്നെ പേടിക്കേണ്ടതില്ല. ഒന്നും ചെയ്യേണ്ടതില്ല. ശോകനാശം സംഭവിക്കുകയാൽ ചുമ്മാതിരുന്നാനന്ദിച്ചാൽ മതി. മറെറാരു കരണീയവുമില്ല. അതിഹർഷം തുടരെ അനുഭവിക്കുക.

സമാധിയിൽ ജീവാത്മാവു് പരമാത്മാവിൽ ലയിക്കുന്നതു് ഉപ്പു് വെള്ളത്തിൽ ലയിക്കുന്നതുപോലെയാണെന്നും വെള്ളം വററിയാൽ വീണ്ടും ഉപ്പു് തെളിയുമെന്നും ഒരഭിപ്രായമുണ്ടു്. എന്നാൽ ശരിയായ സമാധിയിൽ ജലം ജലത്തിലും, പാലു പാലിലും ചേരുന്നപോലെ ആത്മാ പരമാത്മാവിൽ ലയിക്കുകയാണു്. ഇതിനു് തെളിവായി സ്പഷ്ടമഹത് വചനങ്ങളുണ്ടു്. എന്നിട്ടതിനേയും അതിന്റെ പൂർണ്ണ നിലയിൽ മാനിച്ചുകാണുന്നില്ല. സമുദ്രവും വെള്ളത്തുള്ളിയുംപോലെയാണു് അഗ്നിയും പൊരിയും പൊലെയാണു് എന്നുപറഞ്ഞിട്ടു് സമുദ്രത്തിൽ കപ്പലോട്ടമെന്നും ഒരുതുള്ളി വെള്ളത്തിൽ കപ്പലോട്ടകയില്ലെന്നുമാത്രമല്ല, അതതിന്റെ അരികിൽപററിയാൽ വററിപ്പോകയും ചെയ്യും. പക്ഷേ നമുക്കു് ഒന്നു ചിന്തിക്കാം. ജീവാത്മാവുണ്ടെങ്കിൽ അതിനെ വററിക്കുവാൻ പരമാത്മാവിനു് വെളിയിൽ കൊണ്ടുവരുന്നതെങ്ങിനെ. പരമാത്മാവിനു് അതില്ലാത്ത ഒരു വെളിയുണ്ടോ, വെളിയില്ലെങ്കിൽ ജീവാത്മാ

വിനേയും പരമാത്മാവിനേയും വേർതിരിക്കുന്നതെങ്ങി-
നെ—വേർതിരിയുമോ അതു സാധ്യമല്ലെങ്കിൽ ജീവാത്മാ-
വുണ്ടായിട്ടില്ല. ജീവാത്മാ പരമാത്മാ ഭേദവുമില്ല. ഇതാ
ണു് സത്യം. പിന്നെ വററിപ്പോകുന്നതും കെട്ടണയുന്നതു
മായ പ്രശ്നമേയില്ലതന്നെ. ജീവാത്മാവായതും വററിപ്പോ
കുമെന്നതും കെട്ടണയുമെന്നതും തോന്നൽമാത്രം അതുകൊ
ണ്ടു് ജനിച്ചിട്ടില്ലാത്ത ജീവാത്മാവിനെകുറിച്ചു് എന്തിനു്
ഖേദിക്കണം. ഇല്ലാത്തതുണ്ടാവുകയില്ല. ഉള്ളതില്ലാത്ത
താവുകയുമില്ല. അതുകൊണ്ടു് ഉള്ളതായ പരമാത്മാവായി
അതായതു് ബ്രഹ്മമായി നിലകൊള്ളുക വരുന്നതങ്ങുവന്നു
കൊള്ളട്ടെ.

ഇതുപോലെതന്നെ പരിണാമവാദക്കാരിലൊരുവിഭാ
ഗവും ജീവാത്മാവിൻെറ പരമാത്മ പ്രാപ്തിയെ നിരാകരി-
ക്കുന്നുണ്ടു്. പാലു് തൈരായതു് തിരിച്ചു പാലാകാൻ
സാധ്യമല്ലാത്തതുപോലെ പരമാത്മാവിൽ എങ്ങനെയോ
ഒരു പരിണാമം സംഭവിച്ചുപോയെന്നും അതുകൊണ്ടു് കരു
ണാമയിയായ സർവ്വേശ്വരനെ ശരണംപ്രാപിച്ചു് തൻെറ
പോരായ്മ നികത്തുകയല്ലാതെ മാർഗ്ഗമില്ലെന്നും വാദിക്കു
ന്നുണ്ടു്. ചിലർ അതുകൊണ്ടു് പോരാഞ്ഞ മട്ടിൽ
ജീവാത്മാക്കൾ എപ്പോഴും ജീവാത്മാക്കളായിതന്നെ നില
കൊള്ളുമെന്നും ശ്രേഷ്ഠമാകുമെന്നല്ലാതെ പരമാത്മാവാകുക
യില്ലെന്നും വാദിക്കുന്നുണ്ടു്. ഇവിടെ ഒരു കാര്യം അവർ
മറന്നുപോയിരിക്കാം. ബ്രഹ്മമല്ലാതെ രണ്ടാമതായിട്ടൊരു
കാരണമില്ലായ്കയാൽ ഉണ്ടായിട്ടില്ല ജഗത്തെന്നതു്. മാത്ര
മല്ല അതു് ശ്രുതിവിരുദ്ധവുമാണു്. എന്നാൽ ജലം ആവി
യും മഞ്ഞുകട്ടിയുമായി മാറിയിരിക്കുന്ന പരിണാമമാണു്
ശ്രുതിസമ്മതം. സ്വപ്നത്തിൽ കാട്ടാനയായ മനുഷ്യൻ
ഉണർന്നാൽ മനുഷ്യനാകുകയില്ലയെന്നു പറഞ്ഞുപിടിപ്പി

ച്ചാൽ ആർക്കെങ്കിലും ശരിയെന്ന് തോന്നുമോ? ജീവാത്മാവായിപ്പോയിയെന്ന് തോന്നിയവൻറ തോന്നൽ മാറി.

'യഃസാക്ഷാൽകുരുതേപ്രബോ-
ധസമയേസ്വാത്മാനമേവാദ്വയം'
എന്ന് ബോദ്ധ്യപ്പെട്ടം.

ഇനിയും മറ്റൊരു വിചാരണത്തിലേക്ക് കടക്കാം. ബിംബപ്രതിബിംബവാദം. ഇവിടെ ബിംബം പരമാത്മാവും പ്രതിബിംബം ജീവാത്മാവുമെന്നാണ് സങ്കല്പം. മായയിൽ പ്രതിബിംബിതനീശ്വരനും അവിദ്യയിൽ പ്രതിബിംബിതൻ ജീവാത്മാവുമാണ്. ഇവിടെ ജീവേശ്വരഭേദം വളരെ വിരളമാണ്. ഒരു കുളത്തിൽ കാണുന്ന ചന്ദ്രൻതന്നെയാണ്. ഒരു ചഷകം വെള്ളത്തിലും കാണുന്നതു്. ആറു ചെറുപാത്രം ജലത്തിലും അതുപോലെതന്നെ എന്നാൽ ഈ വാദത്തിൻെറ പ്രധാന അംശം ഈ അഖണ്ഡവും ബൃഹത്തുമായ അനന്താകാശം ഒരു ചെറുചിമിഴിലുള്ള കണ്ണാടിയിൽ അതുപോലെതന്നെ പ്രതിബിംബിക്കുന്നു. എന്നാൽ ആ അവസ്ഥ ജീവനിൽ കാണുന്നില്ലല്ലോ എന്നൊരു തോന്നലാണ്സാധാരണ മനുഷ്യരിൽ കാണുന്നതു്. യഥാർത്ഥത്തിൽ അദ്ധ്യാസം ഇവിടെ വ്യക്തമായി കാണാം. ഇവിടെ ശരീരത്തെയല്ല ജീവാത്മാവായി കാണുന്നതെന്നുവരികിലും, ഭൂരിപക്ഷവും മനസ്സിനെയാണ് കാണുന്നതു്. അതു്പച്ചതവും തുച്ഛതവും ഉൾക്കൊണ്ട അവിദ്യാമയമായ സൂക്ഷ്മശരീരമാണ്. ഇതാത്മാവാണ്, ബ്രഹ്മമാണ്, എന്ന് കരുതിപോകുന്നവർക്ക് തെററാണുപററുന്നതു്. പക്ഷേ മനസ്സാകുന്ന കണ്ണാടിയിൽ പ്രതിബിംബിച്ചിരിക്കുന്നതിനെയാണ്കാണേണ്ടതു്. അതാണ്ബ്രഹ്മം, അതാണ്ബോധം. ആ ബോധത്തിനു് ബ്രഹ്മത്തിൻെറ വടിവുകാണും, അല്ലാതെ മനസ്സാകുന്ന ഉപാധിയോടുകൂടികാണുന്ന ഒന്നും ബ്രഹ്മ

മല്ല. ആ ബോധമാണ് ഉപാധിനശിക്കുമ്പോൾ ബ്രഹ്മത്തിൽ ലയിക്കുന്നതു്. അല്ലാതെ മനസ്സല്ല.

'ഘടാവഭാസകോഭാനർ
ഘടനാശേനനശ്യതി
ദേഹാവഭാസകസാക്ഷീ
ദേഹനാശേനനശ്യതി!
നനിജംനിജവൻഭാത്യ
അന്തഃകരണജൃംഭണാൽ
അന്തഃകരണനാശേന
സംവിന്മാത്രസ്ഥിതോഹരിഃ
സംവിന്മാത്രസ്ഥിതശ്ചാഹ
മജോസ്മികിമതഃപരം.

ഘടത്തെ പ്രകാശിപ്പിച്ചുകാണുന്ന സൂര്യൻ ഘടം നശിച്ചതുകൊണ്ടു് നശിച്ചുപോകുന്നില്ല. ദേഹത്തെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്ന സാക്ഷിദേഹ നാശംകൊണ്ടു് നശിച്ചുപോകുന്നില്ല.

അന്തഃകരണത്തിൻെറ ജൃംഭണംകൊണ്ടു് നിജമായിട്ടുള്ളതു് നിജമാണെന്നു് വിളങ്ങുന്നില്ല. എന്നാൽ അന്തഃകരണനാശത്തോടുകൂടി ഹരിയായവൻ ബോധസ്വരൂപനായി ഭവിക്കുന്നു. ഞാനും ബോധസ്വരൂപിയായിരിക്കുന്നതിനാൽ ജനനമില്ലാത്തവനായിരിക്കുന്നു. ഇതിനേക്കാൾ ശ്രേഷ്ഠമേതിരിക്കുന്നു.

ഓം.

അമൃതമമൃതമത്രേ!
ആത്മവൈകുണ്ഡലോകം
ജയ, ജയ, ജയ, ആത്മൻ
ശാശ്വതാനന്ദമൂർത്തേ!